**അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ശ്രീമതി ഉമ തോമസ്, സർവ്വശ്രീ കെ.പി.എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ ചേർന്ന് തിരുവനന്തപുരത്തെ ചേങ്കോട്ടുകോണത്ത് 16 വയസ്സുകാരിയായ പെൺകുട്ടി ആക്രമിക്കപ്പെട്ട വിഷയത്തിന്മേലാണ് നോട്ടീസ് നൽകിയിട്ടുള്ളത്. റൂൾ 50 പ്രകാരം സഭ പരിഗണിക്കേണ്ട അടിയന്തരസ്വഭാവം ഈ നോട്ടീസിനില്ലാത്ത സാഹചര്യത്തിൽ ശ്രീമതി ഉമ തോമസിന് പ്രസ്തുത വിഷയം ഇന്നത്തെ ആദ്യ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. (...ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇങ്ങനെയൊരു നടപടി സർക്കാർ സ്വീകരിക്കുന്നത് ശരിയല്ല. അങ്ങും ഗവൺമെന്റും ശ്രദ്ധിക്കണം. പതിനാറ് വയസ്സുള്ള, സ്കൂളിൽ പഠിക്കുന്ന പെൺകുട്ടി പട്ടാപ്പകൽ നടുറോഡിൽവച്ച് ക്രൂരമായി അധിക്ഷേപിക്കപ്പെടുകയും അക്രമിക്കപ്പെടുകയും ചെയ്ത സംഭവമാണ്. സ്ത്രീ സുരക്ഷയെ സംബന്ധിച്ച ഗൗരവതരമായ സംഭവം തിരുവനന്തപുരത്ത് ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ മൂക്കിനുതാഴെയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടക്കുന്നു.

സ്ത്രീ സുരക്ഷയെ സംബന്ധിച്ച വിഷയം സഭയിൽ ചർച്ച ചെയ്യാൻ സാധിച്ചില്ലെങ്കിൽ എന്തിനാണ് സഭ; ഇതെന്താ കൗരവ സഭയാണോ? (...ബഹളം...)

<u>മി. സ്പീക്കർ</u>: ഇത് recent occurrence അല്ല. സോറി.... അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചിരിക്കുന്നു. ഇത്തവണ അനുവദിക്കാൻ സാധിക്കുന്നതല്ല. ഇവിടെ അനുവദിക്കപ്പെടേണ്ട വിഷയങ്ങൾ, ഫ്ലോറിൽ ഡിബേറ്റ് ചെയ്യപ്പെടേണ്ട വിഷയങ്ങൾ ഡിബേറ്റ് ചെയ്തിട്ടുണ്ട്..... (ബഹളം)... ഇത്തരം പരാമർശങ്ങൾ അങ്ങയെപ്പോലൊരു മുതിർന്ന നേതാവിന് ചേർന്നതല്ല. ( ... ബഹളം...) യെസ്, യെസ്.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)